| (1) | (2) | (3) | (4) |
|---|---|---|---|
| 12. | എൻഡോസൾഫാൻ കോച്ചിംഗ് ധനസഹായം | 37 | 2,32,000 |
| 13. | സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം വികസന പ്രവർത്തനങ്ങൾ | എളംകുന്നപ്പുഴ പഞ്ചായത്തിലെ 'പുലയാസ് കോളനി | 67,51,240 രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് |

**പട്ടികജാതി കോളനി നവീകരണം**

279 (987) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി കോളനികളുടെ നവീകരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) കോളനികളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന ലക്ഷ്യമിടുന്നത് ?

ഉത്തരം

(എ) ഉണ്ട്. 50 കുടുംബങ്ങളിൽ കൂടുതലുള്ള പട്ടികജാതി കോളനികളിൽ വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 'സ്വയം പര്യാപ്ത ഗ്രാമം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) പട്ടികജാതി കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഒരു കോടി രൂപയിൽ പരിമിതപ്പെടുത്തിയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. കോളനിക്കകത്തുള്ള റോഡുകൾ, നടപ്പാതകൾ എന്നിവയുടെ നിർമ്മാണം, വൈദ്യുതീകരണം, കുടിവെള്ളം, സാനിറ്റേഷൻ, ബയോഗ്യാസ് പ്ലാന്റ്, ഓട നിർമ്മാണം, മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ തുടങ്ങിയവ കോളനികളിൽ നടപ്പിലാക്കിവരുന്ന പദ്ധതികളിൽ ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly